# കേരളസർവകലാശാല

നം.പി.ആർ.167/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### സർവകലാശാല പരിധിക്ക് പുറത്ത് പരീക്ഷാകേന്ദ്രം

സെപ്റ്റംബർ 8 മുതൽ പുനഃരാരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്/സി.ആർ.സി.ബി.സി.എസ്.എസ്, അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷകൾക്ക് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം സർവകലാശാല പരിധിക്ക് പുറത്ത് കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി (ഐ.ഇ.റ്റി), തേഞ്ഞിപ്പാലത്ത് പരീക്ഷാകേന്ദ്രം അനുവദിച്ചിട്ടുണ്ട്. താൽപര്യമുളള വിദ്യാർത്ഥികൾ എത്രയും പെട്ടെന്ന് അവരവരുടെ candidate code, programme&core subject, parent college, new college opted, പരീക്ഷാ വിഷയങ്ങൾ എന്നിവ ക്രമമായും വ്യക്തമായും കാണിച്ച് അപേക്ഷകൾ താഴെ പറയുന്ന ഇ-മെയിൽ മുഖാന്തിരം സർവകലാശാലയെ അറിയിക്കേണ്ടതാണ്. സെപ്റ്റംബർ 4 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**CBCSS- drcbcs2@keralauniversity.ac.in**

**CR-CBCSS-ares@keralauniversity.ac.in**.

**LLB – eg1b2017@gmail.com**

### ടൈംടേബിൾ

ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ അറബിക്, സംസ്കൃതം സ്പെഷ്യൽ എന്നീ പരീക്ഷകളുടെ വൈവ സെപ്റ്റംബർ 8 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി കോഴ്സിന്റെ പ്രാക്ടിക്കൽ സെപ്റ്റംബർ 14 ന് ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി റെഗുലർ പരീക്ഷയുടെ (2018 സ്കീം) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രങ്ങൾ

2020 സെപ്റ്റംബർ 9 മുതൽ ആരംഭിക്കുന്ന ബി.എ പാർട്ട് ഒന്നും രണ്ടും (ആന്വൽ സ്കീം) ഡിഗ്രി സപ്ലിമെന്ററി പരീക്ഷയുടെ (സെപ്റ്റംബർ 2019 സെഷൻ) പരീക്ഷാകേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഗവ.കോളേജ്, നെടുമങ്ങാട് അപേക്ഷിച്ച ആൺകുട്ടികൾ ഗവ.കോളേജ്, ആറ്റിങ്ങലും, പെൺകുട്ടികൾ ഗവ.വിമൻസ് കോളേജ്, തിരുവന്തപുരത്തും ആൾ.സെയിന്റ്സ് കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച പെൺകുട്ടികൾ ഗവ.വിമൻസ് കോളേജ്, തിരുവനന്തപുരത്തും ഗവ.വിമൻസ് കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച ആൺകുട്ടികൾ എം.ജി കോളേജ്, തിരുവനന്തപുരത്തും ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.എൻ.എം. ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞിരംകുളത്തും (സെൽഫ് ഫിനാൻസിംഗ്) കെ.എൻ.എം.ഗവ. കോളേജ്, കാഞ്ഞിരംകുളം അപേക്ഷിച്ച വിദ്യാർത്ഥികൾ കെ.എൻ.എം.ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞിരംകുളത്തും (സെൽഫ് ഫിനാൻസിംഗ്) ഇക്ബാൽ കോളേജ്, പെരിങ്ങമ്മല അപേക്ഷിച്ച വിദ്യാർത്ഥികൾ എം.ജി കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, ചെമ്പഴന്തിയിലും യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച വിദ്യാർത്ഥികൾ എ.ജെ. കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, തോന്നയ്ക്കലും ഡി.ബി.കോളേജ്, ശാസ്താംകോട്ട, എഫ്.എൻ.എം.കോളേജ്, കൊല്ലം, ബി.ജെ.എം.കോളേജ്, ചവറ, എസ്.എൻ.കോളേജ് ഫോർ വിമൻ, കൊല്ലം എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, കൊല്ലത്തും എസ്.എൻ കോളേജ്, ചേർത്തല, സെന്റ്.ജോസഫ്സ് കോളേജ് ഫോർ വിമൻ, ആലപ്പുഴ എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥഇകൾ എസ്.ഡി കോളേജ്, ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. മറ്റു വിദ്യാർത്ഥികൾഅവർ അപേക്ഷിച്ച പരീക്ഷാകേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. ഓഫ്ലൈൻ വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. ഈ അറിയിപ്പ് റെഗുലർ വിദ്യാർത്ഥികൾക്ക് ബാധകമല്ല.

2020 ജൂലൈ 7 ന് ആരംഭിക്കാനിരുന്നതും മാറ്റിവച്ചതുമായ ഒന്നും രണ്ടും വർഷ ബി.കോം ആന്വൽ സ്കീം (സപ്ലിമെന്ററി മാത്രം) പാർട്ട് ഒന്ന്, രണ്ട് പരീക്ഷകൾ സെപ്റ്റംബർ 9 മുതൽ പുനഃരാരംഭിക്കുന്നു. പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പ്രസ്തുത പരീക്ഷയ്ക്ക് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ബിഷപ്പ് യേശുദാസൻ സി.എസ്.ഐ ആർട്സ് ആന്റ് സയൻസ് കോളേജ്, മുളയറ, നെടുമങ്ങാടും എസ്.എൻ കോളേജ്, പുനലൂർ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും എൻ.എസ്.എസ് കോളേജ്, നിലമേലും ഇക്ബാൽ കോളേജ്, പെരിങ്ങമ്മല, മാർ ഇവാനിയോസ് കോളേജ്, നാലാഞ്ചിറ എന്നീ കോളേജുകളിൽ അപേക്ഷിച്ചിരുന്ന എല്ലാ വിദ്യാർത്ഥികളും എം.ജി കോളേജ്, തിരുവനന്തപുരത്തും എൽ.എസ്.സി മലപ്പുറം, എൽ.എസ്.സി കണ്ണൂർ, സെന്റ്. മൈക്കിൾസ് കോളേജ്, ചേർത്തല എന്നിവിടങ്ങളിലെ എല്ലാ വിദ്യാർത്ഥികളും എസ്.എൻ കോളേജ്, ചേർത്തലയിലും എസ്.ഡി കോളേജ്, ആലപ്പുഴ, സെന്റ്.ജോസഫ്സ് കോളേജ് ഫോർ വിമൻ, ആലപ്പുഴ എന്നിവിടങ്ങളിലെ പാർട്ട് രണ്ട് മോഡേൺ ലാംഗ്വേജ് പരീക്ഷയ്ക്ക് അപേക്ഷിച്ചവർ മാത്രം എസ്.എൻ.കോളേജ്, ചേർത്തലയിൽ പരീക്ഷ എഴുതേണ്ടതാണ്. എസ്.ഡി കോളേജ്, ആലപ്പുഴ, സെന്റ്.ജോസഫ്സ് കോളേജ് എന്നിവിടങ്ങളിലെ പാർട്ട് ഒന്ന്

ഇംഗ്ലീഷ് പരീക്ഷ എഴുതുന്നവർക്ക് പരീക്ഷാകേന്ദ്രത്തിൽ മാറ്റമില്ല. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ടി.കെ.എം.ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലത്തും ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരത്തെ എല്ലാ വിദ്യാർത്ഥികളും കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ധനുവച്ചപുരത്തും ഗവ.കോളേജ്, നെടുമങ്ങാടിലെ എല്ലാ വിദ്യാർത്ഥികളും ശ്രീ.സത്യസായ് ആർട്സ് ആന്റ് സയൻസ് കോളേജ്, തോന്നയ്ക്കലും എസ്.എൻ.കോളേജ്, ചാത്തന്നൂരിലെ എല്ലാ വിദ്യാർത്ഥികളും എം.എം.എൻ.എസ്.എസ് കോളേജ്, കൊട്ടിയത്തും ബി.ജെ.എം.ഗവ.കോളേജ്,ചവറയിലെ എല്ലാ വിദ്യാർത്ഥികളും എസ്.എൻ.കോളേജ്, കൊല്ലത്തും പരീക്ഷ എഴുതേണ്ടതാണ്. മറ്റുള്ള പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – 9947027361, 9497588222.

2020 ജൂലൈ 7 ന് ആരംഭിക്കാനിരുന്നതും മാറ്റിവച്ചതുമായ ബി.എസ്.സി ആമ്പൽ സ്കീം (സപ്ലിമെന്ററി) പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സബ്സിഡിയറി സ്റ്റാറ്റിസ്റ്റിക്സ് ആന്റ് അക്കൗണ്ടിംഗ് പരീക്ഷകൾ സെപ്റ്റംബർ 9 മുതൽ പുനഃരാരംഭിക്കുന്നു. ഈ പരീക്ഷയ്ക്ക് കാര്യവട്ടം എസ്.ഡി.ഇ, തിരുവനന്തപുരം, ടി.കെ.എം.കോളേജ്, കൊല്ലം എസ്.ഡി കോളേജ്, ആലപ്പുഴ എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം, ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം, ഗവ. കോളേജ്, ആറ്റിങ്ങൽ, വി.റ്റി.എം.എൻ.എസ്.എസ് ധനുവച്ചപുരം, ഗവ.കോളേജ്, നെടുമങ്ങാട്, ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കട, എം.ജി കോളേജ്, തിരുവനന്തപുരം, ഗവ.വിമൻസ് കോളേജ്, തിരുവനന്തപുരം എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കാര്യവട്ടം എസ്.ഡി.ഇ യിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. എസ്.എൻ കോളേജ്, കൊല്ലം, എം.എസ്.എം കോളേജ്, കായംകുളം, ബി.ജെ.എം. കോളേജ്, ചവറ, സെന്റ്.സ്റ്റീഫൻസ് കോളേജ്, പത്തനാപുരം എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കൊല്ലത്ത് നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ഡി.കോളേജ്, ആലപ്പുഴയിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

## പഠനവകുപ്പുകളിലേക്കുള്ള പി.ജി പ്രവേശനം

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരള സർവകലാശാലയുടെ കീഴിലുള്ള പഠന ഗവേഷണ വകുപ്പുകളിലേക്കുള്ള സി.എസ്.എസ് പി.ജി പ്രവേശനം ബിരുദ പരീക്ഷയുടെ മാർക്ക് അടിസ്ഥാനമാക്കി നടത്താൻ തീരുമാനിച്ചു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്റ്റംബർ 7 മുതൽ 21 വരെ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. മുൻപ് അപേക്ഷ സമർപ്പിച്ചവർ മാർക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) സപ്ലിമെന്ററി/മേഴ്സിചാൻസ് (സെപ്റ്റംബർ 2020) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ സെപ്റ്റംബർ 16 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 18 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 22 വരെയും അപേക്ഷിക്കാം. മേഴ്സിചാൻസ് വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കുക. വിശദവിവരങ്ങൾ വെബ്സറ്റിൽ.

ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) സപ്ലിമെന്ററി/സെഷണൽ ഇംപ്രൂവ്മെന്റ് (സെപ്റ്റംബർ 2020) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ സെപ്റ്റംബർ 14 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 17 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 22 വരെയും അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ നേരിട്ട് അപേക്ഷിക്കുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പരീക്ഷാഫലം</u>

2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2017 അഡ്മിഷൻ – റെഗുലർ/2015–2016 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 16 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഡിസംബർ 2019 ൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ മലയാളം, എം.എസ്.സി സുവോളജി (റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്പരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
03.09.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098